# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 78

12/06/2013 - ൽ മറുപടിക്ക്

### കൊല്ലം-കോട്ടപ്പുറം ജലപാത യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. ആർ. സെൽവരാജ്: | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ)കൊല്ലം-കോട്ടപ്പുറം ജലപാത യാഥാർത്ഥ്യ മാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചി ട്ടുണ്ട്; വിശദമാക്കുമോ ; | (എ) കൊല്ലം-കോട്ടപ്പുറം ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ്. പ്രസ്തുത ജലപാതയുടെ പണി ത്വരിതപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നടപടികൾ ചർച്ചചെയ്യുവാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകുവാനുമായി സർക്കാർതലത്തിൽ അവലോകനയോഗങ്ങൾ കൂടുകയും അതിൻപ്രകാരം നടപടികൾ സ്വീകരിച്ചും വരുന്നു. |
| ബി) പ്രസ്തുത ജലപാതയുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) കൊല്ലം-കോട്ടപ്പുറം ജലപാതയുടെ ഭാഗമായ ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ), ചമ്പക്കര കനാൽ (14 കി.മീ), കോട്ടപ്പുറം -കൊച്ചി (30 കി.മീ), കൊച്ചി- ആലപ്പുഴ (88 കി.മീ) എന്നീ സ്ട്രെച്ചുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാണെന്നും അവശേഷിക്കുന്ന പണികൾ പൂർത്തീകരിച്ച് 2013 നവംബർ മാസത്തോടുകൂടി ജലപാത കമ്മീഷൻ ചെയ്യാനാകുമെന്നുമാണ് IWAI അറിയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിന്റെ പ്രവൃത്തികൾക്കായി സഹകരിക്കുന്നത്; വിശദമാക്കുമോ; | | (സി) | പ്രസ്തുത ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (**IWAI**) ആണ്. |
| (ഡി) പ്രസ്തുത ജലപാത എന്ന് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | | (ഡി) | അവശേഷിക്കുന്ന പണികൾ പൂർത്തീകരിച്ച് 2013 നവംബർ മാസത്തോടുകൂടി ജലപാത കമ്മീഷൻ ചെയ്യാനാകുമെന്നുമാണ് IWAI അറിയിച്ചിട്ടുള്ളത്. |

Shamu...

സെക്ഷൻ ഓഫീസർ